തൃശ്ശൂർ ഡി.റ്റി.പി.സി.

95 (4718) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഡി. റ്റി. പി. സി. സെക്രട്ടറിയുടെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിപ്പിച്ച് തിരിച്ചയച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) തൃശ്ശൂർ ഡി. റ്റി. പി. സി.ക്ക് പുതിയ സെക്രട്ടറിയെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഡി. റ്റി. പി. സി. സെക്രട്ടറിയെ നിയമിച്ചില്ലെങ്കിൽ സെസ്റ്റിനേഷനുകളിൽ ഉണ്ടാകുന്ന ഭരണപരമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ഡി.റ്റി.പി.സി. സെക്രട്ടറിയായിരുന്ന ശ്രീ. പി. എൻ. പ്രേംകുമാറിന്റെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിപ്പിച്ച് തിരിച്ചയയ്ക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി&സി) പുതിയ ഡി.റ്റി.പി.സി. സെക്രട്ടറിയെ നിയമിക്കാൻ ആവശ്യമായ സത്വര നടപടി സ്വീകരിക്കാൻ തൃശ്ശൂർ ഡി.റ്റി.പി.സി. ചെയർമാന് (ജില്ലാ കളക്ടർ) നിർദ്ദേശം നൽകിയിട്ടുണ്ട്.

ടൂറിസം വകുപ്പിന്റെ ഗസ്റ്റ് ഹൗസുകളുടെ അവസ്ഥ

96 (4719) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിനുകീഴിലുള്ള ഗസ്റ്റ് ഹൗസ്, റസ്റ്റ് ഹൗസ്, ഹട്ട് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും, വാടക നിരക്കും ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇവയിൽ ഓരോന്നിലും എത്ര പേർ താമസിച്ചുവെന്നും, വാടകയിനത്തിൽ എത്ര രൂപ വീതം ലഭ്യമായെന്നും വ്യക്തമാക്കുമോ ;

(സി) ഇവയിൽ ഓരോന്നിലും എത്ര മുറികൾ വീതമുണ്ടെന്നും അതിൽ എത്ര എണ്ണം താമസയോഗ്യമല്ലാത്തതായുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) മുറികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താറുണ്ടോ ; അറ്റകുറ്റപ്പണികളുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം ജില്ലയിലെ പൊൻമുടി ഗസ്റ്റ് ഹൗസിലെ ഭൂരിഭാഗം മുറികളും താമസയോഗ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഗസ്റ്റ് ഹൗസ് ഈ അവസ്ഥയിലായിട്ട് എത്ര കാലമായിയെന്നും അവസാനമായി അറ്റകുറ്റപ്പണികൾ നടത്തിയത് എന്നാണെന്നും വെളിപ്പെടുത്തുമോ ;

(ജി) പൊൻമുടി ഗസ്റ്റ് ഹൗസ് അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എച്ച്) നവീകരണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗസ്റ്റ് ഹൗസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 'എ' ആയി ചേർക്കുന്നു. ഗസ്റ്റ് ഹൗസുകളുടെ വാടക നിരക്ക് അനുബന്ധം 'ബി' യിൽ ചേർത്തിരിക്കുന്നു.*

(ബി&സി) അനുബന്ധം 'എ'യിൽ ചേർത്തിട്ടുണ്ട്.*

(ഡി) നടത്താറുണ്ട്. പ്രസ്തുത പണികളുടെ ചുമതല സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണ് നൽകിയിട്ടുള്ളത്. എന്നാൽ ചില ഗസ്റ്റ്ഹൗസുകളുടെ അറ്റകുറ്റപ്പണികൾ വിനോദസഞ്ചാര വികസന കോർപ്പറേഷനേയും ഏൽപ്പിച്ചിരുന്നു.

(ഇ) ഉണ്ട്.

(എഫ്) 2004 കാലയളവ് വരെ വാർഷിക അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടത്തിയിട്ടുണ്ട്.

(ജി) ഉണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഒരു കോടി രൂപ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് മേൽനടപടി കൈക്കൊള്ളുന്നതാണ്.

(എച്ച്) സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. കാലതാമസം കൂടാതെ നടപടികൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം

97 (4720) ശ്രീ. കെ. വി. കുഞ്ഞിരാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഉദുമയിൽ പ്രവർത്തിക്കുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം സൗജന്യമായി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly